**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *459 — 24.10.2016 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റുകൾ പൂർണ്ണമായി അണുവിമുക്തമാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ കൂടി വരുന്നതാണ് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്. |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾ, ഹെപ്പറ്റൈറ്റിസ് അണുബാധിതരെയും മറ്റും പ്രത്യേക യന്ത്രങ്ങളിലാണോ ഡയാലിസിസ് ചെയ്യുന്നത് എന്ന് അറിയിക്കുമോ; ഡയാലിസിസിന് പുതുതായി വരുമ്പോൾ ഹെപ്പറ്റൈറ്റിസ് രോഗിയാണോ എന്ന പരിശോധന നടത്താറുണ്ടോ; | (ബി) | സംസ്ഥാനത്ത് ഹെപ്പറ്റൈറ്റിസ് രോഗം ഉള്ളവരെ പ്രത്യേകം യന്ത്രത്തിലാണ് ഡയാലിസ്സിസ് ചെയ്യുന്നത്. പുതിയതായി വരുന്ന രോഗികളിൽ ഹെപ്പറ്റൈറ്റിസ് ബി, എ, സി, എച്ച്.ഐ.വി തുടങ്ങിയ രോഗങ്ങളുടെ പരിശോധന നടത്തിയ ശേഷമാണ് ഡയാലിസ്സിസ് നടത്താറുള്ളത്. |
| (സി) | ഹെപ്പറ്റൈറ്റിസ് അണുബാധിതരുടെ രക്തം ഡയാലിസിസ് യൂണിറ്റുകളിൽ വീഴാനിടയായാൽ അത് ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കും എന്നത് കണക്കിലെടുത്ത് ഡയാലിസിസ് യൂണിറ്റുകൾ പൂർണ്ണമായും അണുവിമുക്തമാക്കിയാണ് ഉപയോഗിക്കുന്നത് എന്നുറപ്പ് വരുത്തുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഡയാലിസ്സിസ് യൂണിറ്റുകൾ പൂർണ്ണമായും അണുവിമുക്തമാക്കിയാണ് പ്രവർത്തിപ്പിക്കുന്നത്. ഡയാലിസ്സിസിന് വരുന്ന ഇത്തരം അണുബാധയുള്ള രോഗികൾക്കായി പ്രത്യേകം ഡയാലിസ്സിസ് മെഷിൻ നീക്കി വയ്ക്കുന്നു. ഡയാലിസ്സിസിന് ശേഷം ഡയാലിസ്സിസിന് ഉപയോഗിക്കുന്ന ട്യൂബുകൾ മുതലായവ അപ്പപ്പോൾ തന്നെ പൂർണ്ണമായും അണുവിമുക്തമാക്കുന്നു. ഹെപ്പറ്റൈറ്റിസ് രോഗികളുടെ ഡയാലിസ്സിസ് ട്യൂബുകളും മറ്റും പ്രത്യേകം സൂക്ഷിക്കുന്നു. മരുന്നുകളും മറ്റും നൽകാൻ ഡിസ്പോസബിൾ സിറിഞ്ചുകളും നീഡിലുകളും മാത്രം ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ